**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **14-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ സ്ഥാപിക്കാൻ ഫെസിലിറ്റി മാനേജ്മെന്റ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പിലാക്കിയ പദ്ധതിയുടെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിനുള്ള എന്തൊക്കെ പ്രവൃത്തികളാണ് കെൽട്രോൺ നിർവ്വഹിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | **സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ നിർവഹിക്കുന്ന ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.**<br>• **സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന 726 ഓളം എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റങ്ങൾ കണ്ടെത്തുന്ന നിയമ- ലംഘനങ്ങൾ പ്രോസസ് ചെയ്ത് മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുക.**<br>• **മോട്ടോർ വാഹന വകുപ്പ് അംഗീകരിച്ച നിയമലംഘനങ്ങളുടെ നോട്ടീസുകൾ പ്രിന്റൗട്ട് എടുത്ത് സീൽ ചെയ്ത് ഉടമയുടെ മേൽവിലാസത്തിലേക്ക് തപാലായി അയയ്ക്കുക.**<br>• **അഞ്ചു വർഷത്തേക്ക് ചെല്ലാനുകൾ പ്രിന്റൗട്ട് ചെയ്യുന്നതിനും നോട്ടീസ് അയക്കുന്നതിനും ആവശ്യമായ സാമഗ്രികൾ (പേപ്പർ, പ്രിന്റർ, ടോണർ, എൻവലപ്പ് എന്നിവ) എല്ലാ കൺട്രോൾ റൂമുകളിലും ലഭ്യമാക്കുക.**<br>• **ചെല്ലാനുകൾ സമയബന്ധിതമായി മേൽവിലാസക്കാരന് തപാൽ മുഖേന എത്തിക്കുന്നതിന് വേണ്ടി അതാത് ജില്ലകളിലെ തപാൽ ഓഫീസുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളും ആയതിന്റെ ചെലവുകളും വഹിക്കുക.**<br>• **ഈ പ്രവൃത്തികൾക്ക് വേണ്ടി നിയോഗിച്ചിട്ടുള്ള ഓപ്പറേറ്റർ, സൂപ്പർവൈസർ, സിസ്റ്റം അഡ്മിൻമാർ, ഡ്രൈവർമാർ എന്നിവർ** |

| | | | |
|---|---|---|---|
| | | | **അടങ്ങുന്ന ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുക.**<br>• **സ്റ്റേറ്റ് കൺട്രോൾ റൂമിന്റെയും 14 ജില്ലാ കൺട്രോൾ റൂമുകളുടെയും വൈദ്യുതി, ഇന്റർനെറ്റ് എന്നിവയുടെ അഞ്ചുവർഷത്തേക്കുള്ള ചെലവുകൾ വഹിക്കുക.**<br>• **726 ഓളം എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ഇന്റർനെറ്റ് എന്നിവയുടെ അഞ്ചു വർഷത്തേക്കുള്ള ചെലവുകൾ വഹിക്കുക.**<br>• **ഈ പദ്ധതിയുടെ ഭാഗമായുള്ള വാഹനങ്ങളുടെ മെയിന്റനൻസ് ചെലവുകൾ വഹിക്കുക.**<br>• **ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെയും എൻഫോഴ്സ്മെന്റ് സിസ്റ്റങ്ങളുടെയും മോണിറ്ററിങ്ങിന് ആവശ്യമായ ഡാഷ് ബോർഡിന്റെയും, പരാതി പരിഹാര പോർട്ടലിന്റെയും രൂപീകരണവും അവയുടെ പരിപാലനവും.** |
| (ബി) | ഫെസിലിറ്റി മാനേജ്മെന്റ് സർവീസിനുള്ള പ്രവൃത്തികൾ നടത്തുന്നതിനായി കെൽട്രോൺ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ടെൻഡർ ക്ഷണിച്ചിട്ടില്ല. ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് പൂർണ്ണമായും കെൽട്രോൺ നേരിട്ടാണ് നടത്തുന്നത്. |
| (സി) | പ്രസ്തുത ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായി ട്രാഫിക് നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്ന പ്രവൃത്തി നിർവഹിക്കേണ്ട ഉത്തരവാദിത്തം കെൽട്രോണിനാണോ എന്ന് വിശദമാക്കുമോ; | (സി) | അതെ |
| (ഡി) | പദ്ധതിയുടെ പ്രധാന കരാറിന്റെ ഭാഗമായി ക്യാമറകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വാറണ്ടി അടക്കമുള്ള എല്ലാ സപ്പോർട്ടും ലഭ്യമായിട്ടും ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് പ്രത്യേകമായി ഏർപ്പെടുത്താനുണ്ടായ കാരണം വിശദമാക്കാമോ? | (ഡി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി ക്യാമറകൾ സ്ഥാപിക്കുകയും കൺട്രോൾ റൂമുകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്യാമറകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വാറന്റി ലഭ്യമായിട്ടുള്ളതിനാൽ അഞ്ചു വർഷത്തേയ്ക്ക് ആയതിന്റെ കേടുപാടുകൾ തീർക്കുവാനും പുതിയവ സ്ഥാപിക്കുവാനും സാധിക്കുന്നതാണ്. എന്നാൽ ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് (F.M.S) എന്നത് ഇതിൽ ഉൾപെടാത്ത തികച്ചും വ്യത്യസ്തമായ പ്രവർത്തികളാണ്.<br><br>**അഞ്ചു വർഷത്തേയ്ക്ക് ഈ പദ്ധതി നടത്തിക്കൊണ്ടു പോകുന്നതിന് ആവശ്യമായ വൈദ്യുതി ചാർജ്, ഇന്റർനെറ്റ് ചാർജ്, നിയമലംഘനങ്ങൾക്കുള്ള ചലാൻ തയ്യാറാക്കി തപാൽ മുഖേന അയക്കുക, കൺട്രോൾ** |

| | | | |
|---|---|---|---|
| | | | റ്റുകൾ പരിപാലിക്കുക ഇത്തരം പ്രവർത്തികൾക്ക് വേണ്ടി വരുന്ന കരാർ അടിസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥരുടെ വേതനം നൽകുക തുടങ്ങിയവയാണ് (FMS) ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ